**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **09-06-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri Saji Cherian**<br>**(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ തീരദേശ മേഖല തീവ്ര കടൽക്ഷോഭം കാരണം പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യഘട്ടം എന്നിവയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ 2020-21 -ൽ അനുവദിച്ചിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരി ക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2000/- രൂപ വീതവും കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1000/- രൂപ വീതവും ഉൾപ്പെടെ 36.126കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറു ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളികുടുംബങ്ങൾക്കും 1200 /- രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന 1,57,573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മെയ് മാസത്തിൽ 22.49 കോടി രൂപ അനുവദിച്ചു വിതരണം ചെയ്തിരുന്നു. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യ സാധനങ്ങളും മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾ വഴി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സമഗ്ര തീരദേശ വികസനത്തിനായി സംസ്ഥാന | (ബി) | ഓഖി ദുരന്തത്തിന് ശേഷം തീരദേശ മേഖലയുടെ |

| | | | |
|---|---|---|---|
| | സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | അടിസ്ഥാന വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. പാക്കേജ് ന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം നടത്തേണ്ടതും ഫീൽഡ് തല വിവരങ്ങൾ ശേഖരിക്കേണ്ടതും അനിവാര്യമായിരുന്നു. ഇതിലേക്കായി തീരദേശ അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമൂഹിക സുരക്ഷിതത്വം തുടങ്ങിയവ സംബന്ധിച്ച പഠനം നടത്തുന്നതിന് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിനെയും (TISS) ജീവനോപാധി സംബന്ധിച്ച പഠനം നടത്തുന്നതിന് ഇൻസ്റ്റിറ്റൂട്ട് ഓഫ് റൂറൽ മാനേജ്.മെന്റ് (IRMA) നെയും ചുമതലപ്പെടുത്തി. ടാറ്റ ഇൻസ്റ്റിറ്റൂട്ട് ഓഫ് സോഷ്യൽ സയൻസ് ഫീൽഡ് തല പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് നൽകിയിട്ടുണ്ട് ആയത് സമിതി മുൻപാകെ സമർപ്പിച്ചു നടപടികൾ കൈകൊള്ളുന്നതു മാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മന്റ് മായി എഗ്രിമെന്റ് വച്ച് Work Order നൽകിയിട്ടുണ്ട്. Detailed Project Report മൂന്നു ഘട്ടങ്ങളിലായി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ആവശ്യമായ Expression of Interest ലഭ്യമായിരുന്നില്ല. ആയതിനാൽ ജീവനോപാധി പദ്ധതികൾക്ക് മാത്രമായി പിന്നീട് Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ള Expression of Interest ലഭ്യമായിട്ടില്ല. |
| (സി) | തീരദേശ മണ്ണൊലിപ്പ് തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | തീരസംരക്ഷണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 9677.434 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകുകയും വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുകയും ചെയ്യുന്നു. കണ്ണൂർ - തലായ് ഫിഷിങ് ഹാർബറിലെ അഡിഷണൽ ഗ്രോയിൻ നിർമ്മാണം (348 ലക്ഷം രൂപ), മഞ്ചേശ്വരം ഫിഷിങ് ഹാർബറിലെ തെക്കു ഭാഗത്തെ സ്റ്റെബിലൈസഷൻ പ്രവർത്തി (1347 ലക്ഷം രൂപ), ചേറ്റുവ ഹാർബറിലെ തെക്കു ഭാഗത്തെ ഗ്രോയിൻ നിർമ്മാണം (686 ലക്ഷം രൂപ), കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള തീര സംരക്ഷണ പ്രവർത്തി (3508 ലക്ഷം രൂപ) , മുതലപൊഴി ഫിഷിങ് ഹാർബർ താഴംപള്ളി കഠിനംകുളം കായലിലെ തീര സംരക്ഷണ പ്രവർത്തി (1831 ലക്ഷം രൂപ), പൂന്തുറ തീര സംരക്ഷണപ്രവർത്തി (1957.434 ലക്ഷം രൂപ) എന്നിവ ഇതിൽ ഉൾപ്പെടുന്നു. തീരസംരക്ഷണ പ്രവൃത്തികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബിയിൽ ഉൾപ്പെടുത്തി 101.59 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഓഖി ദുരന്ത തീരദേശ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെയും നബാർഡ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി 7.40 കോടി രൂപയുടെയും തീരസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.ഐ പദ്ധതിയിൽപ്പെടുത്തി 52.90 കോടി രൂപയുടെ പദ്ധതി പുരോഗമിച്ചു വരികയാണ്. ഹാർബറുകളോടനുബന്ധമായ തീരസംരക്ഷണത്തിനും കടൽക്ഷോഭം മൂലമുണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിനും നാശനഷ്ടങ്ങൾ ഉണ്ടാകാതെ തീരം സംരക്ഷിക്കുന്നതിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യബന്ധന ഹാർബറുകളോട് ചേർന്ന് കിടക്കുന്ന തീരശോഷണം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ KIIFB - വഴി 101.59 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. തീരസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി മുതലപ്പൊഴി (18.31 കോടി), കായംകുളം (2.42 കോടി), തോട്ടപ്പള്ളി (2.40 കോടി), ചേറ്റുവ (6.86 കോടി), തലായ് (3.48 കോടി), മഞ്ചേശ്വരം (13.47 കോടി) എന്നീ ഹാർബറുകളിലും കൊല്ലം ജില്ലയിലെ കൊല്ലം ബീച്ച് മുതൽ താന്നി വരെ (35.00 കോടി), തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, വലിയതുറ (19.57 കോടി) എന്നിവിടങ്ങളിലായി ആകെ 101.50 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ തലായ് ഫിഷറിംഗ് ഹാർബർ തീരസംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു. നബാർഡ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ പുറത്തൂരിൽ 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. RKI (Rebuild Kerala Initiative) പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കാസർഗോഡ് ജില്ലയിലെ ഷിറിയ എന്നിവിടങ്ങളിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിക്കായി യഥാക്രമം 28.60 കോടി, 24.30 കോടി ആകെ (52.90 കോടി) രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മേൽ പ്രവൃത്തികൾക്ക് പാരിസ്ഥിതിക ആഘാത പഠനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ